DITTO WS

Reg. No. : ...................................

Name : ........................................

**S-2217**

**SECOND YEAR HIGHER SECONDARY**
**SAY / IMPROVEMENT EXAMINATION, JUNE – 2023**

Part – III

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

# മലയാളം
# (ഐച്ഛികം)
# MALAYALAM
# (Optional)

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. പരസ്യങ്ങളുടെ വിപണന തന്ത്രവുമായി യോജിക്കുന്ന രണ്ട് പ്രസ്താവനകൾ ഏതെല്ലാം ?
   - ഉപഭോക്താവിന് ലാഭം ഉറപ്പുവരുത്തുന്നു.
   - ആവശ്യങ്ങളില്ലാത്തിടത്ത് ആവശ്യങ്ങൾ സൃഷ്ടിക്കുന്നു.
   - ഉല്പന്നങ്ങളുടെ മേന്മ സത്യസന്ധമായി അവതരിപ്പിക്കുന്നു.
   - പുതിയ ഉപഭോഗ സാധ്യതകൾ സൃഷ്ടിക്കുന്നു.

2. 'കുങ്കൻ' എന്ന കഥാപാത്രത്തിന്റെ രണ്ട് സ്വഭാവ സവിശേഷതകൾ കണ്ടെത്തി എഴുതുക.
   - പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന കഥാപാത്രം
   - തന്ത്ര ശാലിയായ കച്ചവടക്കാരൻ
   - ആധുനിക സംസ്കാരത്തോട് വിമുഖത കാട്ടുന്നു.
   - വിദ്യാഭ്യാസ സമൂഹത്തിലെ ഉയർന്ന തട്ടിനെ പ്രതിനിധാനം ചെയ്യുന്നു.

3. ‘സംക്ഷേപവേദാർത്ഥം’ എന്ന കൃതിയുടെ രണ്ട് പ്രത്യേകതകൾ തിരഞ്ഞെടുത്തെഴുതുക.

- ക്ലമന്റ് പാതിരിയുടെ രചന
- മലയാളത്തിലെ ആദ്യ യാത്രാവിവരണം
- ക്രിസ്തുമത തത്ത്വങ്ങൾ പൂർണ്ണമായി വിവരിക്കുന്നു.
- മലബാറിലെ ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള പഠനം

4. ‘ഒരുകൂട്ടം ഉറുമ്പുകൾ’ എന്ന നാടകത്തിന്റെ ആശയവുമായി ബന്ധപ്പെട്ടുവരുന്ന രണ്ട് പഴഞ്ചൊല്ലുകൾ കണ്ടെത്തി എഴുതുക.

- ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട
- ഐക്യമത്യം മഹാബലം
- കാക്ക കുളിച്ചാൽ കൊക്കാവുമോ ?
- പലതുള്ളി പെരുവെള്ളം

5. ‘പ്രഥമ സായാഹ്നം’ എന്ന പാഠഭാഗത്തിലെ സാറ എന്ന കഥാപാത്രവുമായി യോജിക്കുന്ന രണ്ട് പ്രസ്താവനകൾ തിരഞ്ഞെടുത്തെഴുതുക.

- പണത്തിലും സൗന്ദര്യത്തിലും അഭിരമിക്കുന്നവൾ
- സംരക്ഷണത്തിന്റെ പ്രതീകം
- കപട സ്നേഹം
- പുരുഷനാൽ വഞ്ചിക്കപ്പെട്ടവൾ

6. ‘ഊരുഭംഗം’ എന്ന നാടകവുമായി യോജിക്കുന്ന രണ്ട് നിരീക്ഷണങ്ങൾ കണ്ടെത്തി എഴുതുക.

- തനതു നാടകം
- സംസ്കൃത നാടകം
- പാശ്ചാത്യ നാടകം
- ഭാസന്റെ രചന

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഓന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

7. മുക്തകങ്ങൾ എന്നാലെന്താണ് ?

8. കവിതയെക്കുറിച്ചുള്ള വേർഡ്സ്വർത്തിന്റെ രണ്ട് നിരീക്ഷണങ്ങൾ എഴുതുക.

9. “വിയത്തിലോരോ വികിരങ്ങൾ പാട്ടാൽ വ്യഥയേകിടുന്നു”
   പക്ഷികളുടെ പാട്ട് വീണയ്ക്ക് ദുഃഖം നൽകുന്നതെന്തുകൊണ്ടാവാം ?

10. ‘കാലം മാറുന്നു’ എന്ന പാഠഭാഗത്ത് പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളുടെ രണ്ട് പൊതുസ്വഭാവങ്ങൾ എഴുതുക.

DITTO WS

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 × 4 = 24)**

11. തനതുനാടകവേദി എന്ന ആശയം കേരളത്തിൽ എത്രത്തോളം പ്രസക്തമാണ് – വിലയിരുത്തുക.

12. 'മധുരിക്കും ഓർമ്മകൾ' എന്ന നാടക ഗാനത്തിൽ തെളിയുന്ന ഗ്രാമീണ ജീവിതത്തെക്കുറിച്ച് – വിവരണം തയ്യാറാക്കുക.

13. 'നമ്പ്യാന്തമിഴി'നെ ക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. "ഒരപ്പുക്കിളിയായാണ് ഞാൻ എന്റെ കലാലയ ജീവിതത്തിലൂടെ കടന്നുപോയത് " – പഞ്ചവർണ്ണക്കിളി എന്ന പാഠഭാഗത്ത് ലേഖകൻ ഇങ്ങനെ പറയാനുള്ള കാരണമെന്ത് ? വിശദീകരിക്കുക.

15. 'ഏതു കാലത്തും പ്രസക്തമായ ലോകതത്ത്വങ്ങളാണ് വിഭീഷണൻ രാവണനോട് പറയുന്നത്' – ഈ പ്രസ്താവന പരിശോധിച്ച് അവലോകന ക്കുറിപ്പെഴുതുക.

16. "മോളേ, അന്ത്യാവാറായിട്ടോ" എന്ന വാക്യത്തിന് മാരാർ കൊടുക്കുന്ന അർത്ഥ സാധ്യതകൾ പരിശോധിച്ചു കുറിപ്പ് തയ്യാറാക്കുക.

17. വിപണിയുടെ തന്ത്രത്തിനുപരിയായി സാമൂഹിക ഉത്തരവാദിത്തങ്ങളെ ഓർമ്മപ്പെടുത്തലും പരസ്യങ്ങളുടെ കടമയാണ് – ഉദാഹരണ സഹിതം വിവരിക്കുക.

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(3 × 6 = 18)**

18. "അവസ്ഥാദേശകാലങ്ങൾ അറിഞ്ഞേ സഞ്ചരിക്കാവൂ
അവസ്ഥാനങ്ങളിൽ ചെന്നു ചാടിയാൽ ദൂഷണമുണ്ടാം"
– കുഞ്ചൻ നമ്പ്യാർ

"മുമ്പിലേയുള്ളിൽ വിചാരിച്ചുകൊള്ളണം
വമ്പനോടേറ്റാൽ വരും ഫലമേവനും"
– എഴുത്തച്ഛൻ

ഈ വരികളിലെ ആശയങ്ങൾ താരതമ്യം ചെയ്തു കുറിപ്പെഴുതുക.

19. "പരസ്യത്തിൽ പറഞ്ഞമാതിരിത്തന്നെ, എത്ര വായു സഞ്ചാരമുള്ള മുറി" സാറ ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം വിശദീകരിക്കുക.

20. 'ശാന്തം കരുണം' എന്ന പാഠഭാഗത്തിലെ ഉപഗുപ്തൻ, വാസവദത്ത എന്നീ കഥാപാത്രങ്ങളുടെ സ്വഭാവ സവിശേഷതകൾ താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

21. ദുരന്ത നാടക സങ്കല്പം അന്വർത്ഥമാകുന്ന രചനയാണോ 'ഊരുഭംഗം' – ചർച്ചചെയ്യുക.

**താഴെ ചേർത്ത ഖണ്ഡിക വായിച്ചു 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

'ജൈവകൃഷി' കാർഷികമേഖലയിലെ അപരിചിത പദമല്ല. പ്രകൃതിയോട് സമരസപ്പെട്ടുകൊണ്ടുള്ള കൃഷി സമ്പ്രദായമാണിത്. പ്രകൃതിയെയോ അതിലെ ആവാസ വ്യവസ്ഥകളെയോ ഒട്ടും തന്നെ അലോസരപ്പെടുത്താതെ തന്നെ കൃഷി സങ്കേതങ്ങളുപയോഗിച്ച് മെച്ചപ്പെട്ട വിളവ് ഉറപ്പുവരുത്തുക എന്നതാണ് ജൈവകൃഷിയിൽ ചെയ്യുന്നത്. അതീവ ഹാനികരങ്ങളായ രാസവസ്തുക്കളുടെയും രാസവളങ്ങളുടെയും ഉപയോഗം പാടേ ഉപേക്ഷിച്ചിരിക്കുന്നു. മണ്ണിന്റെ ഫലപുഷ്ടി സുദീർഘകാലത്തേക്ക് മെച്ചപ്പെടുത്തുക, പരിസ്ഥിതിയ്ക്ക് ദോഷമാകാത്ത വിധത്തിൽ കീടങ്ങളെയും രോഗബാധകളെയും നിയന്ത്രണ വിധേയമാക്കുക, ഉയർന്ന ഗുണനിലവാരമുള്ള വിളവ് ലഭ്യമാക്കുക എന്നിവയാണ് ജൈവകൃഷി ലക്ഷ്യമിടുന്നത്. ജൈവകൃഷിയുടെ പ്രധാന തത്ത്വങ്ങളാണ് രാസവളങ്ങൾക്കുപകരം ജൈവവളം, ജൈവവസ്തുക്കൾ എന്നിവ ഉപയോഗിക്കുക. രാസകീടനിയന്ത്രണത്തിനു പകരം ജൈവ കീടനിയന്ത്രണം.

22. എന്താണ് ജൈവകൃഷി ?

23. ജൈവകൃഷിയുടെ ലക്ഷ്യമെന്ത് ?

24. ജൈവകൃഷിയുടെ പ്രധാന തത്ത്വങ്ങൾ ഏവ ?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

25. അന്യാപദേശ സ്വഭാവമുള്ള ഒരു കൊച്ചു നാടകമാണ് ജി. ശങ്കരപ്പിള്ളയുടെ 'ഒരുകൂട്ടം ഉറുമ്പുകൾ' – വിശകലനം ചെയ്യുക.

26. 'കാലം മാറുന്നു' എന്ന പാഠഭാഗത്തിലെ കഥാപാത്രങ്ങൾ പുതിയകാലത്തിന്റെയും ശീലത്തിന്റെയും പ്രതിനിധികളാണോ – ചർച്ച ചെയ്യുക.

27. 'വെബ് സൈറ്റിന്റെ വലക്കണ്ണികൾ പൂർണ്ണമായി തന്നെ വളഞ്ഞു മുറുക്കുന്നതിന് മുൻപ് അവൾക്ക് പുറത്തു ചാടി രക്ഷപ്പെടണം' – സ്മിത എന്ന കഥാപാത്രത്തിന്റെ ഈ ചിന്തയോടുള്ള നിങ്ങളുടെ പ്രതികരണം വിലയിരുത്തുക.

---